കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി.2)321/2017

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ: 680 020
E.mail- dotsr.ksad@kerala.gov.in
ഫോൺ- 0487 2331249
തീയതി: 24.03.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : - വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-3, 3-4 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2)321/2017 തിയ്യതി:24.03.2017

## തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ

## 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 12.4.2016 മുതൽ 21.2.17തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2015-16 സാമ്പത്തികവർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വി.സുരേഷ്ബാബു, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.02.2017 മുതൽ 28.02.2017 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.സുനിൽ ദത്ത്.എം.ആർ., | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ.ബേബി.പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ.എം.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുമിത ടി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയൻ.വി.എസ്. | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.ആലീസ് തോമസ് | 1.4.2015 മുതൽ 30.10.2015വരെ |
| ഭരണ നിർവ്വഹണ കമ്മറ്റി | 31.10.2015 മുതൽ 17.11.2015 |
| ശ്രീ.ഷാജി നക്കര | 18.11.2015 മുതൽ 31.3.2016 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.അയന.പി.വി | 1.4.2015 മുതൽ 6.8.15വരെ |
| ശ്രീ.പി.വി.സുരഷ് ബാബു | 7.8.15 മുതൽ 9.2.16 വരെ |
| ശ്രീ.എം.ആർ തമ്പി | 10.2.16 മുതൽ 31.3.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | ശ്രീ.അരുൺകുമാർ | 1.4.2015 മുതൽ 4.1.16 വരെ |
| | ശ്രീ.ഡി.ബിജു | 5.1.16 മുതൽ 31.3.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.രജനി.എ | 1.4.15 മുതൽ 4.10.2015 വരെ |
| | ശ്രീ.സജിൽ കുമാർ | 5.10.2015 മുതൽ 8.11.2015 വരെ |
| | ശ്രീമതി.രജനി.എ | 9.11.2015 മുതൽ 31.3.2016 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.കെ.കെ.അംബിക | 1.4.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | ടെണ്ടർ ഫോം കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-1 |
| 12 | വാടക – അപാകതകൾ | 2-2 |
| | ഭാഗം 3 | |
| 13 | ജനറൽ പർപ്പസ് ഫണ്ട് വൗച്ചർ പരിശോധനയിലെ അപാകതകൾ | 3-1 |
| 14 | പദ്ധതി നടത്തിപ്പിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തമ്മിൽ ഏകോപനമില്ല- സാംസ്കാരിക നിലയങ്ങൾക്ക് വാങ്ങിയ കംപ്യൂട്ടർ അനാഥമായി. | 3-2 |
| 15 | വിനിയോഗ സാക്ഷ്യപത്രം /കൈപ്പറ്റ് രസീത് ഇല്ല . ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-3 |
| 16 | ഐ.എ.വൈ. ഭവന നിർമ്മാണം- സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 3-4 |
| 17 | ഐ.എ.വൈ.ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. | 3-5 |
| 18 | മരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 3-6 |
| 19 | IWMP രേഖകൾ ഹാജരാക്കിയിട്ടില്ല | 3-7 |
| | ഭാഗം 4 | |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയതുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 24 | ഓഡിറ്റ് റിക്കവറി | 4-5 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-6 |
| 26 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-7 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|
| 1/12.3.2015 | 424024500 | 423300000 |

## 1-2വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 29.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

നാളിതുവരെ ഉള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 22162360.00 |
| വരവ് | 85026690.00 |
| ആകെ | 107189050.00 |
| ചെലവ് | 82550422.00 |
| നീക്കിബാക്കി | 24638628.00 |

## 1-5ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1616082 | 15861450 | 17477532 | 17477532 |
| വികസന ഫണ്ട്(എസ്.സി.പി) | 1605997 | 9373466 | 10979463 | 10979463 |
| വികസനഫണ്ട്(ടി.എസ്.പി) | 565 | 44739 | 45304 | 45304 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 73255 | 1153864 | 1227119 | 1227119 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 47 | 45 | 2 | - | 95.7 |

## 1-7തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 978162 | 42772 | 935390 | -95.6 |
| ആകെ | 978162 | 42772 | 935390 | -95.6 |

## 1-8ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന.28.2.2017 3 PMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി 5355/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റോക്ക് രജിസ്ററിൽ ഇഷ്യു ചെയ്യുന്നവ കൈപ്പറ്റുന്നയാളുടെ പേര് ,ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 2.2.17 മുതൽ 15.2.17 വരെ | 2015-16 | ലഭിച്ചിട്ടില്ല. |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 20.1.14 മുതൽ 25.1.14 വരെ | 2009-10 മുതൽ 2012-13 വരെ | 17.3.14 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ ഫോം കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ടെണ്ടർ ഫോം കളക്ഷൻ രജിസ്റ്റർ, രശീതി സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതിന് 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. വാർഷിക കണക്കു പ്രകാരം 9715 രൂപ ടെണ്ടർ ഫോം വില്പനയിലൂടെ ലഭിച്ചതായി കാണുന്നു. എന്നാൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായില്ല.

## 2-2 വാടക – അപാകതകൾ

വാർഷിക കണക്ക് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വാടകയിനത്തിൽ തൻവർഷം 13,000 രൂപയും കുടിശ്ശികയിനത്തിൽ 600 രൂപയും വരവുണ്ട്. എന്നാൽ വാടക രജിസ്ററർ പരിപാലിക്കാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അഞ്ച് മുറികളാണ് ഉള്ളത്. ഇവയുടെ വാടകയുടെ വിവരമോ വർഷം തോറും നിശ്ചിത ശതമാനം വർദ്ധനവ് വരുത്തുന്നുണ്ടോ എന്നുള്ള വിവരമോ രേഖപ്പെടുത്തി കാണുന്നില്ല. ബൈലോ തയ്യാറാക്കിയിട്ടില്ല. രണ്ട് മുറികളുടെ വാടക കരാർ മാത്രമാണ് ലഭ്യമാക്കിയത്. 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വാടക രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതിന്റെയും വാടക കരാർ ഉണ്ടാവേണ്ടതിന്റെയും ആവശ്യകത പരാമർശിക്കുകയുണ്ടായി. എന്നിട്ടും ഇക്കാര്യത്തിൽ അലംഭാവം തുടരുകയാണ്. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും മേൽ അപാകങ്ങൾ പരിഹിരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജനറൽ പർപ്പസ് ഫണ്ട് വൗച്ചർ പരിശോധന-അപാകതകൾ

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

| വൗച്ചർ നം. തീയതി | തുക | ചെലവ് വിവരം | തുക നൽകിയിട്ടുള്ളത് | അപാകതകൾ |
|---|---|---|---|---|
| 2150062 dt. 22.7.15 | 18631 | ഇലക്ട്രിസിറ്റി ചാർജ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുത്തൻചിറ | ഒറിജിനൽ രശീത് ഹാജരാക്കിയിട്ടില്ല. കൺസ്യൂമർ നമ്പർ 1637 ചന്ദ്രൻ കെ.കെ എന്ന വ്യക്തിയുടെ പേരിലാണ്. ആയതിന് കുടിശ്ശിക 2286 രൂപ ഉൾപ്പെടെ 9525 രൂപ അടവാക്കിയിട്ടുണ്ട്. സി.എച്ച്.സി യുടെ കറന്റ് ചാർജ് വ്യക്തിയുടെ കൺസ്യൂമർ നമ്പറിൽ അടവാക്കിയത് വിശദീകരിക്കേണ്ടതാണ്. |
| 21500263 dt. 22.7.15 | 1000 | സർവീസ് സ്റ്റാമ്പ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുത്തൻചിറ | സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. |
| 21500283 dt. 30.7.15 | 167075 | നടീൽ വസ്തുക്കൽ വാങ്ങിയത്. ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൈപ്പറ്റ് രശീത്, സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ട്രാൻസ്പോർട്ടേഷൻ ചാർജ് 4825 രൂപ നൽകിയതിന്റെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടുണ്ട്. 1,62,250 രൂപയുടെ ചെലവ് വിവരം ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 21500358 dt. 31.8.15 | 10000 | ക്ഷീരസംഗമം നടത്തിയത് | ക്ഷീരവികസന ഓഫീസർ | ബന്ധപ്പെട്ട സർക്കാർ ഉത്തരവ്, കമ്മിറ്റി തീരുമാനം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 21500418 dt. 28.9.15 | 1680 | ടെലഫോൺ ചാർജ് | ക്ഷീരവികസന ഓഫീസർ | രശീത് ഹാജരാക്കിയിട്ടില്ല |
| 21500421 dt. 29.9.15 | 22000 | ഓഫീസ് ജീപ്പിന്റെ 4 ടയർ മാറ്റിയത് | പാൽസ് ഏജൻസീസ് കൊടുങ്ങല്ലൂർ | ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ജി.ഒ(പി)259/2010 ത.സ്വ.ഭ.വ തീ. 8.11.2010 പ്രകാരമുള്ള നടപടിക്രം പാലിച്ചിട്ടില്ല. |
| 21500471 dt. 9.10.15 | 46772 | KL-45J 6289 ജീപ്പ് റിപ്പയർ ചാർജ് | ടൊയോട്ട നിപ്പൻ മോട്ടോഴ്സ് കുന്നംകുളം | ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ജി.ഒ(പി)259/2010 ത.സ്വ.ഭ.വ തീ. 8.11.2010 പ്രകാരമുള്ള നടപടിക്രം പാലിച്ചിട്ടില്ല. |
| 21500796 dt. 29.1.16 | 257260 | നടീൽ വസ്തുക്കൾ വാങ്ങിയത് (state seed farm panancherry) | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൈപ്പറ്റ് രശീത്, സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 21500957 dt. 5.3.16 | 1765 | ടെലഫോൺ ചാർജ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | രശീത് ഹാജരാക്കിയിട്ടില്ല. |
| 21500975 dt.10.3.16 | 3000 | പോസ്റ്റേജ് സ്റ്റാമ്പ് | ബി.ഡി.ഒ | സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. |
| 21501024 dt.22.3.16 | 13555 | ഇലക്ട്രിസിറ്റി ചാർജ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുത്തൻചിറ | ഒറിജിനൽ രശീത് ഹാജരാക്കിയിട്ടില്ല. (കൺസ്യൂമർ നമ്പർ 1637 ചന്ദ്രൻ കെ.കെ എന്ന വ്യക്തിയുടെ പേരിലുള്ള |

| | | | | |
|---|---|---|---|---|
| | | | | 6298 രൂപ ഉൾപ്പെടെ) |
| ആകെ | 542738 | | | |

മെഡിക്കൽ ഓഫിസർ, CHC പുത്തൻചിറയുടെ വൈദ്യുതി ബിൽ പരിശോധിച്ചതിൽ കൺസ്യൂമർ നം.1637 ചന്ദ്രൻ.കെ.കെ. എന്ന വ്യക്തിയുടെ പേരിലുള്ള ഇൻവോയ്സാണ് ഹാജരാക്കിയിട്ടുള്ളത്. ചന്ദ്രൻ.കെ.കെ. എന്ന വ്യക്തിയുടെ പേരിൽ ഇൻവോയ്സ് തുക അടവാക്കിയത് വിശദീകരിക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 5,42,738/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 പദ്ധതി നടത്തിപ്പിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തമ്മിൽ ഏകോപനമില്ല- സാംസ്കാരിക നിലയങ്ങൾക്ക് വാങ്ങിയ കംപ്യൂട്ടർ അനാഥമായി.

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ SO.65/17 പദ്ധതി പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിലെ 16ാം നമ്പർ വാർഡിലുള്ള സമയ നഗർ കോളനി സാംസ്കാരിക നിലയത്തിലേക്കും, പടിയൂർ ഗ്രാമപഞ്ചായത്തിലെ 9ാം വാർഡിലുള്ള അംബേദ്കർ കോളനിയിലേക്കും ഡെസ്ക്ടോപ്പ്കംപ്യൂട്ടറുകൾ, കംപ്യൂട്ടർ ടേബിൾ, മോഡം, നെറ്റ് കണക്ഷൻ എന്നിവ നൽകുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ 1,00,000/- രൂപയിൽ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 90,790 രൂപയും നെറ്റ് കണക്ഷൻ എടുക്കുന്നതിനായി 9210 രൂപയും അടക്കം ആകെ 99,930/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത രണ്ട് സാംസ്കാരിക നിലയങ്ങളിലേക്ക് വാങ്ങിയ ഉപകരണങ്ങളിൽ പടിയൂർ ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയത്തിലേക്കുള്ള കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10.6.2016 ന് കൈപ്പറ്റിയിട്ടുണ്ട്.

വേളൂക്കര ഗ്രാമപഞ്ചായത്തിലെ സമയ നഗർ കോളനി സാംസ്കാരിക നിലയത്തിന് അടിസ്ഥാന സൗകര്യങ്ങളോ അടച്ചുറപ്പുള്ള മുറിയോ ഇല്ലാത്തതിനാൽ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കൈപ്പറ്റുവാൻ സാധിക്കുകയില്ലായെന്ന് 23.6.16ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി 1ാം നമ്പറായി തീരുമാനമെടുത്ത് ഇക്കാര്യം 13.7.16 ലെ എ2.3072/16കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. പട്ടികജാതി വികസന ഓഫീസറുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് 71 പ്രകാരം ഡെൽ കംപ്യൂട്ടർ, എക്സ്റ്റൻഷൻ കോഡ്, മോഡം,യു.പി.എസ്, കംപ്യൂട്ടർ ടേബിൾ എന്നിവ ഓരോന്നു വീതം നീക്കിയിരുപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 27.2.17 ന് നടത്തിയ പട്ടിക ജാതി വികസന ഓഫീസിന്റെ സ്റ്റോക്ക് ഭൗതിക പരിശോധനയിൽ മേൽ ഇനങ്ങൾ ഓഫീസിൽ ഇല്ലായെന്ന് കണ്ടു.

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സിഡ്കോയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

2.വാങ്ങൽ സംബന്ധിച്ച് പർച്ചേയ്സിംഗ് കമ്മിറ്റി, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി എന്നിവരുടെ അനുമതി ലഭിച്ചതായി കാണുന്നില്ല.

3.കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയപ്പോൾ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

4.കംപ്യൂട്ടറുകൾ വാങ്ങുമ്പോൾ ഐ.കെ.എം നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ പ്രകാരം അഞ്ചു വർഷ വാറന്റി ഉറപ്പാക്കുകയോ ലഭിച്ച ഉപകരണങ്ങൾ ആവശ്യപ്പെട്ട
സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് സാങ്കേതിക പരിശോധന നടത്തി ഉറപ്പാക്കുകയോ ചെയ്തിട്ടില്ല.

5.ടെണ്ടർ നടപടി കൂടാതെ കംപ്യൂട്ടറുകൾ വാങ്ങിയ സാഹചര്യത്തിൽ വാങ്ങിയ കംപ്യൂട്ടറുകൾക്ക് റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്ന് വാങ്ങുകയോ, ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതി ഉള്ള സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയതായോ കാണുന്നില്ല.

6.പദ്ധതി രൂപീകരണം സംബന്ധിച്ച് സർക്കാർ നിർദ്ദേശിച്ച രീതിയിൽ വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചതായി കാണുന്നില്ല.

7.സാംസ്കാരിക നിലയത്തിൽ സ്ഥാപിച്ചതായ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഏറ്റെടുത്തതിന് കൈപ്പറ്റ് രസീതി ലഭിച്ചിട്ടില്ല. ഈ ഉപകരണങ്ങൾ നിലവിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പട്ടിക ജാതി വികസന ഓഫീസറുടെ സ്റ്റോക്കിൽ ഉണ്ടെങ്കിലും ഉപകരണങ്ങൾ ഓഫീസിൽ ഇല്ല.

പട്ടികജാതി വികസന ഓഫീസർ നൽകിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് രണ്ട് സാംസ്കാരിക സ്ഥാപനങ്ങൾക്ക് കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്. എന്നാൽ വാങ്ങിയ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 4.5.16 ലെ ജി.6-4505/15(2)കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ച് കമ്മിറ്റിക്കോ, പഞ്ചായത്തിനോ നിയമാനുസൃതം ഉപകരണങ്ങൾ കൈമാറിയിട്ടില്ല. വേളൂക്കര ഗ്രാമപഞ്ചായത്തിലേക്ക് വാങ്ങിയ ഉപകരണങ്ങൾ സമയ നഗർ കോളനി സാംസ്കാരിക നിലയത്തിൽ സൂക്ഷിച്ചിട്ടുള്ളതായി പട്ടികജാതി വികസന ഓഫീസർ വാക്കാൽ അറിയിക്കുകയുണ്ടായി ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.5/27.2.2017) ഉപകരണങ്ങൾ ഏറ്റെടുക്കാനാവില്ലായെന്ന് പഞ്ചായത്ത് അറിയിച്ച സാഹചര്യത്തിൽ ആവശ്യമായ രസീത് ലഭ്യമാക്കാതെയും പഞ്ചായത്തിന്റെ അനുമതി കൂടാതെയും ഉപകരണങ്ങൾ സാംസ്കാരിക നിലയത്തിൽ സ്ഥാപിക്കുവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകിരിക്കേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രം /കൈപ്പറ്റ് രസീത് ഇല്ല .ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡിഡി നമ്പർ/തുക | കൈപ്പറ്റിയ ആളുടെ വിശദാംശം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 5/2016പദ്ധതി രൂപീകരണം | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി, വെള്ളാംകല്ലൂർ , | 719441/2.4.2016 -41185/രൂ | എൽ സിഡി പ്രൊജക്ടർ വാങ്ങിയതിന് തുക നൽകിയത് ,തൃശ്ശൂർ കമ്പ്യൂട്ടർ സെന്റർ | കൈപ്പറ്റ് രസീത് ഇല്ല |
| 2 | 000/16,സമഗ്ര നെൽകൃഷി വികസനം വിഹിതം നൽകൽ | ,, | 712534/1.10.2015-100000രൂ | പുത്തൻചിറ ഗ്രാമപഞ്ചാ യത്തിന് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 3 | 0060/16പണ്ടാരത്തറ ഗാന്ധിഗ്രാം റോഡ് കോൺക്രീറ്റിങ്ങ് | ,, | 617634/1.9.2015-100000/-രൂ | പടിയൂർ ഗ്രാമപഞ്ചായത്തിന് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 4 | 0035/16വികലാംഗർക്ക് ഉപകരണങ്ങൾ നൽകൽ. വേളൂക്കര പഞ്ചായത്തിന് വിഹിതം നൽകൽ | ,, | 617850/14.9.2015-100000/-രൂ | വേളൂക്കര പഞ്ചായത്തിന് വിഹിതം നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 5 | 0008/-16 പാലിയേറ്റീവ് കെയർ വിഹിതം നൽകൽ | ,, | 617848/14.9.2015-200000/-രൂ | പുത്തൻചിറ ഗ്രാമപഞ്ചായത്തിന് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം , ഇല്ല |
| 6 | 0003/16വാഴ തൈ നൽകൽ വിഹിതം | ,, | 712540/1.10.2015-100000/-രൂ | പുത്തൻചിറ ഗ്രാമപഞ്ചായത്തിന് | വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | നൽകൽ | | | നൽകിയത് | , ഇല്ല |
| 7 | 0036/16 പശു വളർത്തൽ വിഹിതം നൽകൽ | ,, | 712535/1.10.2015-100000/-രൂ | പുത്തൻചിറ ഗ്രാമപഞ്ചായത്തിന് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 8 | 0046/16 കണ്ണത്ത് റോഡ് റീ ടാറിങ്ങ് | ,, | 35/15-16-500000/-രൂ | പുത്തൻചിറ ഗ്രാമപഞ്ചായത്തിന് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 9 | 9/16 ഭിന്നശേഷി ഉള്ളവർക്ക് സ്കോളർഷിപ്പ് ബ്ളോക്ക് വിഹിതം | ,, | 617851/14.9.15-200000/- | വേളൂക്കര ഗ്രാമ പഞ്ചായത്തിന് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | | | 714693/1.12.15-47275/- | പൂമംഗലം ഗ്രാമ പഞ്ചായത്തിന് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | | | 40/15-16 /23.3.16-200000/- | വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിന് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | | | 630/320154 /11.3.16- 50000/- | പുത്തൻചിറ ഗ്രാമ പഞ്ചായത്തിന് നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | | ആകെ | 1738460/-രൂ | | |

## 3-4 ഐ.എ.വൈ. ഭവന നിർമ്മാണം- സ്പിൽ ഓവറായി പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ. പദ്ധതിയിലുൾപ്പെടുത്തി വിവിധ വർഷങ്ങളിലായി നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികളിലെ മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 2007-08 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണം ആരംഭിച്ച പദ്ധതികളിൽ പൂർത്തീകരിക്കാത്ത വീടുകളുടെ നിലവിലെ സ്ഥിതി വിവരം താഴെ ചേർക്കുന്നു.

| വർഷം | ധനസഹായ തുക | | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ എണ്ണം | *പൂർത്തീകരിക്കാത്ത വീടുകളുടെ നിലവിലെ സ്ഥിതി (പൂർത്തീകരിച്ച ഘട്ടങ്ങൾ) | എണ്ണം |
|---|---|---|---|---|---|---|
| | ജനറൽ | പട്ടിക ജാതി | | | | |
| 2007-08 | 50,000 | 75,000 | 220 | 16 | Basement | 10 |
| | | | | | Lintel | 4 |
| | | | | | വിറ്റു (Base) | 1 |
| | | | | | വിറ്റു (Lintel) | 1 |
| 2008-09 | 50,000 | 75,000 | 116 | 8 | Basement | 1 |
| | | | | | Lintel | 3 |
| | | | | | വിറ്റു (Base) | 1 |
| | | | | | വിറ്റു (Lintel) | 2 |
| | | | | | ഉത്തരപ്പൊക്കം | 1 |

| | | | | | | |
|---|---|---|---|---|---|---|
| 2009-10 | 75,000 | 1,00,000 | 230 | 12 | Basement<br>Lintel<br>വിറ്റു (Base)<br>വിറ്റു (Lintel)<br>ഉത്തരപ്പൊക്കം | 6<br>1<br>2<br>1<br>2 |
| 2010-11 | 100000 | 1,00,000 | 125 | 9 | Basement<br>Lintel<br>വിറ്റു (Base)<br>വിറ്റു (Lintel) | 6<br>1<br>1<br>1 |
| 2011-12 | 200000 | 200000 | 174 | 7 | Basement<br>Lintel<br>ഉത്തരപ്പൊക്കം | 3<br>3<br>1 |
| 2012-13 | 200000 | 200000 | 208 | 7 | Basement<br>Lintel<br>വാർത്തു | 5<br>1<br>1 |
| 2013-14 | 200000 | 200000 | 200 | 14 | Basement<br>Lintel<br>വാർക്കപ്പൊക്കം<br>ആരംഭിച്ചില്ല | 6<br>3<br>4<br>1 |
| 2014-15 | 200000 | 300000 | 186 | 2 | Lintel | 2 |
| 2015-16 | 200000 | 300000 | 258 | 40 | Basement<br>Lintel<br>വാർക്കപ്പൊക്കം<br>ആരംഭിച്ചില്ല<br>വാർക്ക<br>വിറ്റു | 5<br>9<br>6<br>18<br>1<br>1 |

*(ഗുണഭോക്താക്കളുടെ വിവരങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണ്.)

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നിലച്ച അവസ്ഥയിലാണ്. ഗുണഭോക്താക്കളുമായി ചമച്ച കരാർ പ്രകാരം ഭവന നിർമ്മാണം പൂർത്തികരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും റവന്യൂ റിക്കവറി വഴി തുക തിരിച്ചു പിടിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. (ഈയിനത്തിൽ തുക വരവു വന്നിട്ടില്ല.)

ഐ.എ.വൈ പദ്ധതിയിൽ 2011-12 മുതൽ ധന സഹായ തുക 2,00,000 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതം 50,000 രൂപയും, കേന്ദ്രവിഹിതം 70,000 രൂപയും ബാക്കി 80,000 രൂപ 40%/35%/25% അനുപാതത്തിൽ ബ്ലോക്ക് / ജില്ലാ / ഗ്രാമപഞ്ചായത്ത് വിഹിതവുമാണ്. 2015-16 മുതൽ എസ്.സി. വിഭാഗത്തിൽപെട്ടവർക്ക് അധിക ധനസഹായമായി 1,00,000 രൂപ നൽകുന്നതിനും ടി തുക പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാക്കണമെന്നും ടി തുക ലഭിക്കാത്ത പക്ഷം തദ്ദേശ ഭരണസ്ഥാപനങ്ങൾ ഇതിനാവശ്യമായ തുക വകയിരുത്തുന്നതിനും.7.10.16 ലെ സ.ഉ(സാ)2850/2016 /ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. സംസ്ഥാന വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് സഹകരണബാങ്കിൽ നിന്നും 2015-16 ൽ 46.69 ലക്ഷം

ലോൺ എടുത്ത് വിവിധ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെ ലോൺ എടുത്തതിനാൽ സർക്കാരിൽ നിന്നും ലഭിക്കുമായിരുന്ന പലിശ ലഭിച്ചിട്ടില്ല. ടി തുക പലിശ സഹിതം 2015-16 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി തിരിച്ചടച്ചിട്ടുണ്ട്. 2012-13 മുതൽ ഉള്ള ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി സംസ്ഥാന വിഹിതമായി ഇനിയും 34,00,000രൂപ ലഭിക്കാനുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | എസ്.സി. | ജനറൽ | ആകെ |
|---|---|---|---|
| 2012-13 | 500000 | - | 500000 |
| 2013-14 | 500000 | - | 500000 |
| 2014-15 | 100000 | 50000 | 150000 |
| 2015-16 | 1700000 | 550000 | 2250000 |
| ആകെ | 2800000 | 600000 | 3400000 |

2016-17 മുതൽ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി നേരിട്ട് ആനുകൂല്യം നൽകുന്നDBT സംവിധാനം ഏർപ്പെടുത്തുന്നതിനാൽ കേന്ദ്ര വിഹിതമായി വിവിധ വർഷങ്ങളിൽ ലഭിച്ച തുകയിൽ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന 92,36,772രൂപ13.5.16 നം പലിശയിനത്തിൽ ലഭിച്ച 99799 രൂപ 29.11.16 നമായി ആകെ 93,36,571 രൂപ (6.5.16ലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം, തൃശ്ശൂരിന്റെ കത്ത് നമ്പർ F.1441/15 പ്രകാരം) തിരികെ അടവാക്കുകയുണ്ടായി.

പട്ടികജാതിയിൽപെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി നിർദ്ദേശിച്ച അധിക ധനസഹായം നാളിതുവരെ ടി വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധിക സഹായമായി നൽകുന്നതിന് നിർദ്ദേശിച്ച തുകയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം 2015-16 വർഷം മുതൽ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ജില്ലാ, ഗ്രാമ പഞ്ചായത്തുകളുടെ അധിക വിഹിതം ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ഇനിയും ലഭിക്കുവാനുണ്ട്. വിവിധ വർഷങ്ങളിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ജില്ലാ, ഗ്രാമ പഞ്ചായത്തുകൾ നൽകിയ തുകയിൽ 71,05,508രൂപ പ്ലാൻ അക്കൗണ്ട് നം. 4289000100085775 കരുപടന്ന PNB ശാഖയിൽ 28.2.17ന് നീക്കിയിരുപ്പുണ്ട്.

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് മേൽ പ്രകാരം നീക്കിയിരുപ്പുള്ള തുക പര്യാപ്തമല്ല. കേന്ദ്ര വിഹിതമായി ലഭിച്ച തുക ഗ്രാമ വികസന കമ്മീഷണറുടെ അക്കൗണ്ടിൽ തിരികെ അടവാക്കിയിട്ടുണ്ടെങ്കിലും 2011-12 മുതലുള്ള ഗുണഭോക്താക്കളുടെ Online registration (Management Information System വഴി)നടത്തിയിട്ടുള്ളതിനാൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് DBT (Direct Benefit Transfer)വഴി ഗുണഭോക്താവിന് നേരിട്ട് ലഭിക്കും. എന്നാൽ Online registration നടത്താത്ത 2007-08 മുതൽ 2010-11 വരെയുള്ള ഗുണഭോക്താക്കൾക്ക് മുൻപ് വകയിരുത്തിയതിനേക്കാൾ അധികമായി (നിലവിലെ നിരക്ക് പ്രകാരം) നൽകേണ്ടി വരുന്ന തുകയും, ഭവന പൂർത്തീകരണ പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് ഒഴികെയുള്ള മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ആനുപാതികമായി ലഭിക്കേണ്ട തുകയും, സംസ്ഥാന വിഹിതവും ലഭിക്കുന്നതു സംബന്ധിച്ച് ആശങ്ക/അവ്യക്തത നിലനിൽക്കുന്നുണ്ട്.

നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം നൽകുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ സ.ഉ.(ആർ.ടി)497/2011/ത.സ്വ.ഭ.വ തിയതി.17.2.11 പ്രകാരം സർക്കാരിന്റെ വിവിധ ഏജൻസികളോ, വകുപ്പുകളോ നടപ്പാക്കിയ പദ്ധതി പ്രകാരം ഭാഗികമായി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ പൂർത്തിയായ ഘട്ടങ്ങളുടെ അളവ് രേഖപ്പെടുത്തി പൂർത്തീകരിക്കാനുള്ള ഘട്ടങ്ങളുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ തയ്യാറാക്കിയ ശേഷം ഐ.എ.വൈ. വിഹിതത്തിന് ഉപരിയായി നൽകേണ്ട അധിക വിഹിതം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നിലവിലുള്ള അനുപാതത്തിൽ വകയിരുത്തുന്നതിനും പുതിയ വീട് നിർമ്മാണത്തിന് അനുവദനീയമായ ധനസഹായതുകയിൽ നിന്ന് മുൻപ് നൽകിയ തുക കുറവ് ചെയ്തതിന് ശേഷമുള്ള ബാക്കി തുക പൂർത്തീകരണത്തിന് നൽകാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പന്ത്രണ്ടാം പദ്ധതി പുതുക്കിയ

മാർഗ്ഗരേഖ സ.ഉ.(എം.എസ്)4/2016 തിയതി.11.1.16 ഖണ്ഡിക 9 (v) പ്രകാരം ഐ.എ.വൈ അധിക വിഹിതം നൽകുന്നതിനുള്ള തുക നിർബന്ധമായും വകയിരുത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ സമ്പൂർണ്ണ ഭവന നിർമ്മാണം എന്ന അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിന് ഊന്നൽ നൽകി പദ്ധതി പൂർത്തീകരിക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>പരിഹാര നിർദ്ദേശങ്ങൾ</u>

1. നിലവിൽ പൂർത്തിയായ ഘട്ടങ്ങളുടെ വാല്യുവേഷൻ നടത്തണം, പൂർത്തീകരിക്കേണ്ട ഘട്ടങ്ങളുടെ നിലവിലെ നിരക്ക പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കണം.

2. സംയുക്ത പ്രോജക്ട് എന്ന നിലയിൽ മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക ലഭിക്കുന്നതിനായി സ്പിൽ ഓവറായി പ്രോജക്ട് തയ്യാറാക്കുന്നതിനും ആവശ്യമായ തുക വകയിരുത്തുന്നതിനുമായി ഈ വിഷയം സ.ഉ.(എം.എസ്) നം. 4/16 തിയതി.11.1.16 ഖണ്ഡിക11.11.1എ യിൽ നിർദ്ദേശിക്കുന്ന രീതിയിൽ പ്രത്യേക യോഗം ചേർന്ന് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

3. സംസ്ഥാന വിഹിതം ലഭിക്കുന്നതിനായി ആവശ്യമായ സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കുകയും സംസ്ഥാന സർക്കാരിൽ നിന്നും തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

4. മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും തുക ലഭ്യമാകുന്നില്ലായെങ്കിൽ ടി വിഹിതം കൂടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വകയിരുത്തുന്നതിന് സർക്കാരിന്റേയോ/കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

5. പട്ടികജാതിയിൽപെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി നിർദ്ദേശിച്ച അധിക ധനസഹായം പട്ടികജാതി പട്ടിക വർഗ്ഗ വികസനവകുപ്പിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

6. ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നത് ഉറപ്പു വരുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ കരാറിലുൾപ്പെടുത്തണം.

7. പദ്ധതിയുടെ സമയബന്ധിതമായ മോണിറ്ററിംഗ് ഉറപ്പു വരുത്തണം.

# 3-5 <u>ഐ.എ.വൈ.ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.</u>

2015-16 സാമ്പത്തിക വർഷം കരാർ വച്ച് ഭവന നിർമ്മാണം ആരംഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിക്കാത്തതായി കാണുന്നു.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സുജി.കെ.എം. മണ്ണാന്തറ<br>പടിയൂർ | 49500/ |
| 2 | എൽസി മിൽട്ടൻ,അറയ്ക്കൽ<br>പടിയൂർ | 139500/ |
| 3 | ഭുവനേശ്വരി സുനിൽ പാട്ടാട്ട് പടിയൂർ | 189500 |
| 4 | ഷാന്റി ലാല്വ,പകത്തുര്,<br>പടിയൂർ | 147500/ |
| 5 | വള്ളിയമ്മ വേലായുധൻ<br>എളയേടത്ത്,പൂമംഗലം | 119500/ |
| 6 | മിനിശിവദാസൻ, ചേലിക്കാട്ടിൽ പൂമംഗലം | 189500 |
| 7 | ലക്ഷ്മി ,കുണ്ടുറ,എടക്കുളം. | 189500 |

| | | |
|---|---|---|
| 8 | ഷീബ പള്ളിപുറത്തുക്കാരൻ<br><br>പൂമംഗലം | 189500 |
| 9 | മിനി വിനോദ്, കൂനൻവളപ്പിൽ<br><br>പൂമംഗലം | 189500/ |
| 10 | എൽസിതോമസ്, കാര്യോട്ടുപറമ്പിൽ<br>അരിപ്പാലം. | 107500/ |
| 11 | നിഷസുരേഷ്, പനോക്കിൽ<br><br>എടക്കുളം | 189500/ |
| 12 | ഷീല സുബ്രൻ കാരേക്കാട്ടുപറമ്പിൽ<br><br>എടക്കുളം | 139500/ |
| 13 | തങ്കമണി തമ്പി,അരീക്കൽ<br><br>പൂമംഗലം | 49500 |
| 14 | സംഗീത കെ.എസ്.,<br><br>മഠത്തിപറമ്പിൽ ഇരിങ്ങാലക്കുട | 189500/ |
| 15 | ജാനകി അയ്യപ്പൻ, കോനോരുപറമ്പിൽ<br>അരിപ്പാലം | 17500/ |
| 16 | തങ്കപങ്കജൻ,വേലുപറമ്പിൽ<br><br>നടവരമ്പ് | 49500/ |
| 17 | കനകപ്രസാദ്,കൈതയിൽ<br><br>നടവരമ്പ് | 189500/ |
| 18 | അമ്മിണി പരമു പുത്തൻപുരയ്ക്കൽ,കട്ടുപ്പശ്ശേരി | 189500/ |
| 19 | ഷീജ,ഓട്ടൂർ മേയ്ക്കാട്ട്,<br><br>കട്ടുപ്പശ്ശേരി | 189500/ |
| 20 | രാധ അയ്യപ്പൻ,പുതുശ്ശേരി<br><br>കട്ടുപ്പശ്ശേരി | 189500/ |
| 21 | മല്ലിക പി.എൽ. പണ്ടാര പറമ്പിൽ, വേളൂക്കര | 49500 |
| 22 | അമ്മിണി അയ്യപ്പൻ ,ചേരുപറമ്പിൽ | 189500/ |
| 23 | സൗമ്യശിവപ്രസാദ്,പാലേക്കാട്ടിൽ<br><br>നടവരമ്പ് | 49500/ |
| 24 | വള്ളിയമ്മ ചന്ദ്രൻ, പുതുവീട്ടിൽ വേളൂക്കര | 37500 |
| 25 | ഡീന കൊളങ്ങര | 17500/ |
| 26 | കാർത്ത്യായനി, കുഞ്ഞാട്ടി, വേളൂക്കര | 17500/ |
| 27 | ശ്യാമള ഗോപി,വേളൂക്കരക്കാരൻ<br><br>വേളൂക്കര | 17500/ |
| 28 | ഷീജ തെക്കേടത്ത്,വേളൂക്കര | 17500 |
| 29 | ഷൈജി കെ.ജെ. തച്ചിലേടത്ത്<br><br>വേളൂക്കര | 189500/ |
| 30 | വത്സ ജയിംസ്,മൂഞ്ഞേലി,<br><br>വേളൂക്കര | 17500/ |
| 31 | ആന്റോ.പി.യു.<br><br>പോട്ടത്തുപറമ്പിൽ വേളൂക്കര | 17500/ |
| 32 | കുറുമ്പകണാരൻ അരിക്കാട്ട്,കൊമ്പത്തുക്കടവ്. | 49500 |
| 33 | അംബികസനിത<br><br>മറ്റത്തിൽപകരപ്പിള്ളി,പുത്തൻചിറ | 147500/ |
| 34 | വള്ളിമോഹനൻ,പുത്തൂരാൽ, | 189500/ |

| | | |
|---|---|---|
| | കണ്ണിക്കുളങ്ങര | |
| 35 | രതികണ്ണൻ,ഐക്കരാൽ കൊമ്പത്തുക്കടവ്. | 189500 |
| 36. | ബിബിൻ കെ ജെ.കാലടി.പിണ്ടാണി | 189500 |
| 37 | കാർത്ത്യായനി ചക്കാലക്കൽ പുത്തൻചിറ | 49500/ |
| 38 | ഷൈബി മനോജ്, താഴമാക്കൽ പുത്തൻചിറ | 49500/ |
| 39 | ഹസീന ഗഫൂർ,മാക്കാന്തറ പുത്തൻചിറ | 189500/ |
| 40 | അജിത ഷാനവാസ് കണ്ണങ്ങാട്ട് പുത്തൻചിറ | 17500/ |
| 41 | ബിജി സെബാസ്റ്റ്യൻ,പുത്തനങ്ങാടി,കൊമ്പത്തുക്കടവ്. | 97500/ |
| 42 | മാരിയത്ത്,കായംകുളം,പുത്തൻചിറ | 17500/ |
| 43 | ആമിന, മഞ്ഞളിവളപ്പിൽ, പുത്തൻചിറ | 17500/ |
| 44 | ലീനഷാജു,അറയ്ക്കത്തറ, കൊമ്പത്തുക്കടവ്. | 17500/ |
| 45 | ആലീസ് ദേവസി,കരിയാട്ടിൽ പുത്തൻചിറ | 17500/ |
| 46 | ബേബി രവി,പാറയത്ത്, പുത്തൻചിറ | 169500/ |
| 47 | നീന ഉദയകുമാർ,പാരാന,പുത്തൻചിറ | 189500/ |
| 48 | മണി പി.പി.,പണിക്കശ്ശേരി, പുത്തൻചിറ | 189500/ |
| 49 | ജയശ്രീ ഗോപി,പുത്തൻവീട്ടിൽ, പുത്തൻചിറ | 147500/ |
| 50 | മിനി സുബ്രൻ തൃപ്പേളക്കുളത്ത്, പുത്തൻചിറ | 158000/ |
| 51 | കവിത ദിനേഷ്, തോണിയിൽ വെള്ളാങ്ങല്ലൂർ | 17500/ |
| 52 | സാവിത്രി, കണ്ണൂർ വെള്ളാങ്ങല്ലൂർ | 189500/ |
| 53 | ലിജു ഉണ്ണികൃഷ്ണൻ, കോവിലകത്ത്പറമ്പിൽ, വെള്ളാങ്ങല്ലൂർ | 189500/ |
| 54 | രാധ സിദ്ധീർത്ഥൻ,പെരിങ്ങാട്ട്, വെള്ളാങ്ങല്ലൂർ | 189500/ |
| 55 | ഉഷ,എളംതുരുത്തി, വള്ളിവട്ടം | 17500/ |
| 56 | കാർത്ത്യായനി,കോലോത്ത്, കോണത്തുകുന്ന | 17500/ |
| 57 | വനജ സുക, കുട്ടാട്ടിൽ , കോണത്തുകുന്ന | 17500/ |
| 58 | ശിവരാമൻ കെ.കെ. കാരയിൽ, വെള്ളാങ്ങല്ലൂർ | 17500/ |
| 59 | ലൂസിതോമസ്,കാനംകുടം, വള്ളിവട്ടം | 189500/ |
| 60 | ജമീലഇസ്മയിൽ, പോക്കാക്കില്ലത്ത്,വള്ളിവട്ടം. | 17500/ |
| 61 | വസന്ത പി.കെ. ചേലക്കാട്ട്, വെള്ളാങ്ങല്ലൂർ | 17500/ |
| 62 | ഗോപകുമാർ,ചെറുളിൽ, വെള്ളാങ്ങല്ലൂർ | 17500/ |
| 63 | ശോഭന ചന്ദ്രൻ, കുറ്റിപറമ്പത്ത്, പുത്തൻചിറ | 17500/ |
| 64 | രമണി സുബ്രൻ അമ്പലപറമ്പിൽ പൂമംഗലം | 17500/ |
| 65 | ജയശ്രീ, തോപ്പുവളപ്പിൽ ,പിണ്ടാണി, പുത്തൻചിറ | 17500/ |
| 66 | അംബിക ഷാജി, മുതുക്കാടൻ, പുത്തൻചിറ | 17500/ |

ഭവന നിർമ്മാണം പൂർത്തികരിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതും ഭവന നിർമ്മാണം പൂർത്തികരിക്കാൻ സാധ്യതയില്ലാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 മാരാമത്ത് പണികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

G.O.(P) NO 84/97/PW&T തിയ്യതി 19-8-1997 പ്രകാരം കരാറുകാരന് കരാർ അനുസരിച്ച് അനുവദനീയമായ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തികരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ,കാലതാമസം കോൺട്രാക്ടറുടേതായ കാരണത്താൽ അല്ലെങ്കിൽ കരാർ കാലയളവിന്റെ 20% സമയം ഗ്രേസ് പിരീഡായി അനുവദിക്കാവുന്നതാണ്. ഇത് കഴിഞ്ഞുള്ള ആദ്യ 3 മാസത്തെ കാലതാമസത്തിന് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന 3 മാസങ്ങൾക്ക് 2% വീതവും പിഴ ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ പിഴ ഈടാക്കാത്തതിനാൽ ഓഡിറ്റ് വർഷത്തിൽ 41,152/-രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഇത് ബന്ധപെട്ടവരിൽ നിന്ന് തിരിച്ചു പിടിക്കേണ്ടതാണ് .ഈ കാര്യത്തിൽ എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ അടിയന്തിരമായി നൽകേണ്ടതാണ്.

| ക്രമ നം | മരാമത്ത് പണിയുടെ പേര്, കോണ്ട്രാക്ടർ /കൺവീനറുടെ പേര് | എസ്റ്റിമേറ്റ്/ കരാർ തുക | സെലക്ഷൻ നോട്ടിസ്/ കരാർ തിയ്യതി | കരാർ കാലാവധി/ പണി പൂർത്തിയായ തിയ്യതി | കരാർ പ്രകാരമുള്ള തിയ്യതി/ അധികമുപയോഗിച്ച സമയം | പിഴ APACയുടെ 1+2% മിനിമം 1000/- | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1. | കല്ലറമ്പ്-പൈങ്ങാവ് റോഡ് റീടാറിഗ് ജെയ്സൺ M.D. | 5,52, 300/ 5,52, 300/- | 30-12-14/ 12-11-15 | 3 മാസം 26-2-16 | 27-12-15 61 ദിവസം | 3721/- | എസ്റ്റിമേറ്റ് റേറ്റി നേക്കാൾ 0.6%കുറവ് ബിൽ20/3/16 തി.16-3-16 =4,96,217/- |
| 2 | MKSP വനിത ലേബർ ബാങ്ക് ഓഫീസ്& ഗ്യാരേജ് അറ്റകുറ്റപ്പണി ഷാജി K.K. | 3,00,000/ 3,00,000 | 30-9-15/ 3-10-15 | 4 മാസം 15-9-15 | 11-4-15 3 മാസം 59ദിവസം | 6913/- | എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 0.3%കുറവ് ബിൽ 23-3-16 തി. 29-3-16 = 5,41,591/- |
| 3 | മണ്ണാറമൂല സാംസ്കാരിക നിലയം നിർമ്മാണം ഷാജി K.K. | 14,50,000/-14,50,000/- | 30-12-14/ 12-4-15 | 3 മാസം 14-9-15 | 11-7-15 65ദിവസം | 10,472/- | എസ്റ്റിമേറ്റ് റേറ്റ് ബിൽ6-9/15 തി. 30-9-15 = 8,37,939/- |
| 4 | ബ്ലോക്ക് ജംങ്ഷൻ കൊമ്പൻ ബസാർ റോഡ് റീടാറിഗ് T.A.ബഷീർ | 5,00,000/ 4,96,669 | 31-8-15/ 3-10-15 | 3 മാസം/ 22-3-16 | 2-12-15 29ദിവസം | 1592/- | എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 0.505%കുറവ് ബിൽ17-2/16 തി.19-2-16 = 2,17,841/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | കെട്ടചിറ റോഡ് സൈഡ് കെട്ടി മെറ്റലിംഗ് റീടാറിഗ് .ബാബു ഐസക്ക് .സി | 13,00,000/ 12,91,072 | /ഇല്ല 18-9-15 | 3 മാസം 17-12-15 | 17-12-15 3മാസം 8ദിവസം | 15205/- | എസ്റ്റിമേറ്റ് റേറ്റ് ബിൽ23-3/16 തി.29-3-16 = =12,63,116/- |
| 6 | ഡോക്ടർപടി വിദ്യഭവൻ റോഡ് അഭിജിത്ത് M.A. | 5,00,000/ 4,56,823 | 31-8-15/ 11-9-15 | 3 മാസം 12-2-16 | 10-12-15 64ദിവസം | 3249/- | എസ്റ്റിമേറ്റ് റേറ്റ് ബിൽ61/15-16 /2.3.16 =4,97,475/- |
| ആകെ | | | | | | 41,152/- | |

## 3-7 സംയോജിത നീർത്തട പരിപാലന പദ്ധതി(IWMP)- ഗുണഭോക്തൃ സമിതി മുഖേന നടത്തുന്ന പണികൾ–രേഖകൾ ഇല്ല.

സംജോജിത നീർത്തട പരിപാലന പദ്ധതിയിൽ (IWMP) ഉൾപ്പെടുത്തി 2015-16 ൽ നടപ്പിലാക്കിയ പണികളുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃ സമിതി പണികൾക്ക് വേണ്ടി വാങ്ങിയ സാധന സാമഗ്രികളുടെ (എം സാന്റ്,സിമന്റ്,മെറ്റൽ) ബിൽ ഒരു ഫയലിലും വച്ചിട്ടില്ല. ബിൽ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| ഐഎവൈ ഭവന വായ്പ | സ.ഉ.(എംഎസ്)90/2013 /ത.സ്വ.ഭ.വ/13.3.2014 | 4669414 | 1927009 | 1927009 | 549977 | 0 |

## 4-5. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-6. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85026690 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82550422.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41152 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2281198 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 41152 | ഡി ബിജു -30680/- അസി എക്സി. എൻജിനീയർ അരുൺ കുമാർ 10472/- ,, |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 542738 | സെക്രട്ടറി ,ശ്രീമതി അയന.പി.വി-186706/- ,,ശ്രീ.സുരേഷ് ബാബു -337712/- ,,ശ്രീ.എം.ആർ തമ്പി-18320/- |
| 3-3 | 1738460 | 791185/- സെക്രട്ടറി ശ്രീ.എം ആർ തമ്പി 947275/-സെക്രട്ടറി,ശ്രീ.പി.വി.സുരേഷ്ബാബു |
| ആകെ | 2281198/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ഡി ബിജു ,അസി എക്സി എൻജിനീയർ | അസി എക്സി .എൻജിനീയർ,മതിലകം ബ്ലോക്ക് പഞ്ചായത്ത് | TC/75/66, ആനയറ,പി ഒ, തിരുവനന്തപുരം |
| അരുൺകുമാർ,അസി എക്സി എൻജിനീയർ | വിരമിച്ചു. | TC/2-3204(1)വട്ടവിളാകം ഹൗസ്. Opp. മേജർ ആർച്ച് ബിഷപ്പ് ഹൗസ്, പട്ടം പി.ഒ, തിരുവനന്തപുരം -695004 |

## 4-7. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | റിമാർക്സ് |
|---|---|---|---|
| 1995-96,1996-97,97-98 | എൽ. എഫ്.ടി.9-1555/98 തീയതി 16.4.99/7.7.99 | 5 | |
| 98-99 | എൽ. എഫ്.ടി.9-313/00തീയതി 24.4.00/17.5.00 | 21 | |
| 99-00 | എൽ. എഫ്.ടി.9-293/01തീയതി 27.4.01 | 20 | |
| 2000-01 | എൽ. എഫ്.ടി.9-1608/01തീയതി 24.8.02/14.11.12 | 18 | |
| 2001-02 | എൽ. എഫ്.ടി.9-2119/05തീയതി 4.2.06/14.11.06 | 7 | |
| 2002-03 | എൽ. എഫ്.ടി.21-2438/07തീയതി 2.8.08/16.10.08 | 6 | |
| 2003-04 | എൽ. എഫ്.ടി.2439/07 തീയതി 2.8.08 | എല്ലാം | |
| 2004-05 | എൽ. എഫ്.ടി.21-2440/07 തീയതി 2.8.08 | എല്ലാം | |
| 2005-06 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10/15.5.10 | എല്ലാം | |
| 2006-07 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10 /13.5.10 | എല്ലാം | |
| 2007-08 2010-11 | എൽ. എഫ്.ടി.(ബി.പി) 2267/12തീയതി 5.2.13/15.6.13 | എല്ലാം | |

| | | | |
|---|---|---|---|
| 2011-12 | എൽ. എഫ്.ടി.(ബി.പി) 1584/2013/തീയതി.9.14 /13.3.14 | എല്ലാം | |
| 2012-13 | എൽ. എഫ്.ടി.(ബി.പി) 1023/2014തീയതി 10.10.14/24.11.14 | എല്ലാം | |
| 2013-14 | കെ.എസ്.എ .ടി. എസ് .ആർ (ബി.പി2) 1734/15തീയതി 8.12.15 | എല്ലാം | |
| 2014-15 | കെ.എസ്.എ .ടി. എസ് .ആർ (ബി.പി2) 670/16തീയതി 19.5.16/19.8.16 | എല്ലാം | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ